“CORRUPTION, A CRIME AGAINST NATION”

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 25.06.2024

## ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങവേ എഞ്ചിനീയറും ഏജന്റും വിജിലൻസ് പിടിയിൽ

തൊടുപുഴ മുനിസിപ്പാലിറ്റി അസി.എഞ്ചിനീയർ അജി.സി.റ്റി-യും ഏജന്റായ റോഷനും എയ്ഡഡ് സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ് നെസ് നൽകുന്നതിന് ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (25.06.2024) വിജിലൻസ് പിടിയിലായി.

തൊടുപുഴ ബി.റ്റി.എം. എൽ.പി സ്കൂളിന് വേണ്ടി പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനായി സ്കൂൾ മാനേജർ തൊടുപുഴ മുനിസിപ്പാലിറ്റിയിൽ കഴിഞ്ഞ മാസം അപേക്ഷ സമർപ്പിച്ചിരുന്നു. ഈ ആവശ്യത്തിനായി ഓരോ പ്രാവശ്യം ഓഫീസിൽ ചെല്ലുമ്പോഴും പല കാര്യങ്ങൾ ശരിയാക്കാനുണ്ടെന്ന് പറഞ്ഞ് തിരിച്ചയക്കുകയായിരുന്നു. ഇന്നലെ മാനേജർ ഫോൺ മുഖാന്തിരം അജി.സി.റ്റി-യെ ബന്ധപ്പെട്ടപ്പോൾ ഒരു ലക്ഷം രൂപ കൈക്കൂലിയുമായി ഇന്ന് (25.06.2024) ഓഫീസിലെത്താൻ ആവശ്യപ്പെട്ടു. മാനേജർ സ്ഥലത്തില്ലായെന്ന് അറിയിച്ചപ്പോൾ ആരുടെയെങ്കിലും കൈവശം പണം കൊടുത്തു വിട്ടാൽ മതിയെന്നും അറിയിച്ചു. തുടർന്ന് ഈ വിവരം വിജിലൻസിൽ റിപ്പോർട്ട് ചെയ്യുവാൻ സ്കൂൾ മാനേജർ അഡ്മിനിസ്ട്രേറ്ററോട് ആവശ്യപ്പെടുകയും അഡ്മിനിസ്ട്രേറ്റർ ആ വിവരം വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. ബിജോ അലക്സാണ്ടറിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം ഇടുക്കി വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഷാജു ജോസിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (25.06.2024) 3.30 മണിയോടെ തൊടുപുഴ മുനിസിപ്പാലിറ്റി ഓഫീസിൽ വച്ച് പരാതിക്കാരനായ സ്കൂൾ അഡ്മിനിസ്ട്രേറ്ററുടെ പക്കൽ നിന്നും ഏജന്റായ റോഷൻ ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങവേ ഏജന്റിനേയും അസി. എഞ്ചിനീയറായ അജി.സി.റ്റി-യെയും വിജിലൻസ് കൈയ്യോടെ അറസ്റ്റ് ചെയ്യുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതികളെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ. ടിപ്സൺ തോമസ് മേക്കാടൻ, ശ്രീ.ഷിന്റോ.പി.കുര്യൻ, ശ്രീ.ഫിലിപ് സാം, ശ്രീ.ഷെഫീർ , ശ്രീ.പ്രദീപ്, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. സഞ്ജയ്, ശ്രീ.ബിജു വർഗ്ഗീസ്, ശ്രീ.ബിജു കുര്യൻ, ശ്രീ.പ്രമോദ്, ശ്രീ.സ്റ്റാൻലി തോമസ്, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. ബേസിൽ, ശ്രീ.കുര്യൻ, ശ്രീ.ഷിനോദ്, ശ്രീ.സന്ദീപ്, ശ്രീ.മുഹമ്മദ് എന്നിവരും ഉണ്ടായിരുന്നു..

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.